യു.എ.ഇ കത്ത്

ഹമീദ് മലപ്പുറം

# ആവേശമുണർത്തിയ പര്യടനം

**പണ്ഡിതനും** *മാധ്യമം* എഡിറ്ററുമായ ഒ. അബ്ദുർറഹ്മാൻ നവംബർ 27 മുതൽ ഡിസംബർ 4 വരെ യു.എ.ഇയിൽ ഹ്രസ്വ സന്ദർശനം നടത്തുകയുണ്ടായി. പൊതു സമൂഹത്തിലും പ്രസ്ഥാന പ്രവർത്തക രിലും ആവേശമുണർത്താൻ അദ്ദേഹ ത്തിന്റെ പ്രഭാഷണങ്ങൾക്ക് സാധിച്ചു. പൊതുപരിപാടികൾ ബഹുജനപങ്കാ ളിത്തം കൊണ്ട് ശ്രദ്ധേയമായി.

'ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ കടുത്ത വെല്ലുവിളികളുടെയും എന്നാൽ പ്രതീക്ഷകളുടെയും നടുവിലാണിന്ന്. സാമ്രാജ്യത്വം പല്ലും നഖവുമുപയോ ഗിച്ച് മുറിവേൽപിക്കുക മാത്രമല്ല, സംഹാരതാണ്ഡവമാടി ഇസ്‌ലാമിക പ്രസ്ഥാനങ്ങളെ നിഷ്കാസനം ചെയ്യാ നുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരി ക്കുകയാണ്. അതിനാൽ സാമ്രാജ്യത്വ അജണ്ടകളെ മറികടക്കാനുള്ള വ്യക്ത മായ ആസൂത്രണവും പദ്ധതികളും ആവശ്യമാണ്. തുർക്കിയിൽ ഏറെ രച നാത്മകമായ സാഹസങ്ങളാണ് അവി ടത്തെ ഇസ്‌ലാമിക പ്രസ്ഥാനം നടത്തി ക്കൊണ്ടിരിക്കുന്നത്. നൂറ്റാണ്ടിലെ നവോ ത്ഥാന നായകൻ സയ്യിദ് അബുൽ അഅ്‌ലാ മൗദൂദിയുടെ ബുദ്ധികൂർമതയു ടെയും ധൈഷണിക പാടവത്തിന്റെയും ഉദാത്തമായ നിദർശനമാണ് അദ്ദേഹ ത്തിന്റെ മാസ്റ്റർ പീസായ 'ഇസ്‌ലാം മതം'. ആറു ദശകങ്ങൾക്ക് മുമ്പ് എഴുത പ്പെട്ട ഗ്രന്ഥത്തിലെ ഓരോ വരിയും കാലികപ്രസക്തവും ചിന്തോദ്ദീപവുമാ ണ്. ഇന്നും ഞാൻ പുനർവായന നടത്തു കയും കുട്ടികൾക്ക് ക്ലാസ്സെടുക്കുകയും ചെയ്യുന്ന ഗ്രന്ഥവും അതുതന്നെ. കെ.സി അബ്ദുല്ല മൗലവി, ടി. മുഹമ്മദ് സാഹിബ്, ടി. ഇസ്ഹാഖലി മൗലവി, ടി.കെ അബ്ദുല്ലാ സാഹിബ് തുടങ്ങിയ പണ്ഡിതരും ധിഷണാശാലികളുമായ വ്യക്തിത്വങ്ങളുടെ ശിക്ഷണങ്ങൾ പ്രാസ്ഥാനികമായ കാഴ്ചപ്പാട് കരുപ്പിടി പ്പിക്കുന്നതിൽ എന്നെ സഹായിച്ചിട്ടുണ്ട്- ഒ. അബ്ദുർറഹ്മാൻ, യു.എ.ഇയിലെ പ്രസ്ഥാനത്തിന്റെ നേതൃനിരയിലുള്ളവ



ഐ.സി.സി, യു.എ.ഇ തലത്തിൽ നടത്തിയ ഏകദിന പ്രവർത്തക സംഗമത്തിൽ ഷാർജ ഗൾഫ് ഏഷ്യൻ സ്കൂളിൽ ഒ. അബ്ദുർറഹ്മാൻ മുഖ്യ പ്രഭാഷണം നിർവ ഹിക്കുന്നു

രുമായി ഉള്ളുതുറന്ന് സംവദിച്ചപ്പോൾ പ്രവർത്തകർക്കത് ആവേശവും ഊർജവും പകർന്നു. ഇസ്‌ലാമിക പ്രസ്ഥാനം: ചിന്തയും പഠനവും, ആഭ്യ ന്തര ഭദ്രത, സാമൂഹിക രാഷ്ട്രീയ ഇട പെടലുകൾ, ബഹുജനമുന്നേറ്റം, സമുദാ യം, ലോക ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ, ഗൾഫ് പ്രവർത്തനവും പ്രവർത്തകരും, വെല്ലുവിളികളും പ്രതിസന്ധികളും, ഇതര സംസ്ഥാനങ്ങളിലെ പ്രസ്ഥാന സാന്നിധ്യം തുടങ്ങിയ വിവിധ വിഷയ ങ്ങളിൽ പ്രവർത്തകരുടെ ചോദ്യങ്ങൾക്ക് അദ്ദേഹം മറുപടി പറഞ്ഞു. ഇസ്‌ലാമിക് യൂത്ത് അസോസിയേഷൻ കേന്ദ്ര കമ്മിറ്റി ദുബൈയിലെ സഫാ ക്ലബ്ബിൽ സംഘടിപ്പിച്ച ദാർശനിക സംവാദത്തിൽ ഐ.സി.സിയുടെയും ഐ.വൈ.എയു ടെയും കേന്ദ്ര ഏരിയാ ഭാരവാഹികളായ 60 പേർ പങ്കെടുത്തു. ഐ.വൈ.എ കേന്ദ്ര പ്രസിഡന്റ് സിറാജുദ്ദീൻ ശമീം അധ്യ ക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് അബുല്ലൈസ് എടപ്പാൾ ആമുഖം നടത്തി. ഐ.സി.സി യു.എ.ഇ പ്രസി ഡന്റ് സി. മുഹമ്മദലി ഉദ്ബോധനം നട ത്തി.

'സാമ്രാജ്യത്വശക്തികൾ തീവ്രവാദ വേട്ട എന്ന പേരിൽ ഇപ്പോൾ നടത്തി ക്കൊണ്ടിരിക്കുന്നത് ഇസ്‌ലാമിക നവജാ ഗരണത്തെ പിഴുതെറിയാനുള്ള പരിപാടി യാണ്. ജനാധിപത്യത്തിന്റെ അപ്പോസ്ത ലന്മാർക്ക് ജനാധിപത്യത്തിലൂടെ തെര ഞ്ഞെടുക്കപ്പെടുന്ന ഇസ്‌ലാമിക പ്രസ്ഥാ നങ്ങളെ ഉൾക്കൊള്ളാനുള്ള പ്രതിപക്ഷ മാന്യത പോലുമില്ല'-ഷാർജ ഗൾഫ് ഏഷ്യൻ സ്കൂളിൽ ഐ.സി.സി, യു. എ.ഇ തലത്തിൽ നടത്തിയ ഏകദിന പ്രവർത്തക സംഗമത്തിൽ 'പ്രസ്ഥാനം പുതിയ സാഹചര്യത്തിൽ' എന്ന വിഷയ ത്തിൽ മുഖ്യ പ്രഭാഷണം നിർവഹി ക്കവെ അദ്ദേഹം പറഞ്ഞു.

'സാഹചര്യങ്ങളും ചുറ്റുപാടുകളും കൂടെക്കൂടെ വിലയിരുത്തുകയും പ്രവർത്തനപരിപാടികൾ കാലോചിത മായി മാറ്റിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഇന്ത്യയിലെ ഇസ്‌ലാമിക പ്രസ്ഥാനം ചലനാത്മകമായ സജീവത നിലനിർത്തുന്നു. ഇന്ത്യയിൽ വലിയൊര ളവിൽ ശ്രദ്ധിക്കപ്പെടുകയും സ്വീകരിക്ക പ്പെടുകയും ചെയ്ത പ്രസ്ഥാനം കേരള ത്തിൽ സാമൂഹിക രാഷ്ട്രീയ സാംസ്കാ

രിക രംഗങ്ങളിൽ വിപ്ലവാത്മകമായ സാന്നിധ്യം അറിയിച്ചുകൊണ്ടിരിക്കുന്നു.'

'ഇസ്‌ലാമിക പ്രവർത്തക: കുടുംബത്തിലും സമൂഹത്തിലും' എന്ന വിഷയത്തിൽ ജമാഅത്തെ ഇസ്‌ലാമി വനിതാ വിഭാഗം വൈസ് പ്രസിഡന്റ് ഇ.സി. ആഇശ പ്രഭാഷണം നടത്തി. ഐ.സി.സി കേന്ദ്ര പ്രസിഡന്റ് സി. മുഹമ്മദലി അധ്യക്ഷത വഹിച്ചു. സമീർ സൈതലവി ഖിറാഅത്ത് നടത്തി. ഐ.സി.സി വൈസ് പ്രസിഡന്റ് മുഹമ്മദലി കൊടിഞ്ഞി ഉപസംഹാരം നിർവഹിച്ചു.

"സമൂഹത്തെ അരാഷ്ട്രീയവത്കരിച്ച് സുഖലോലുപരാക്കുന്ന മുതലാളിത്ത-സാമ്രാജ്യത്വ അജണ്ടക്ക് മതസംഘടനകൾ പോലും വിധേയമാകുന്ന അവസ്ഥയാണ് കേരളത്തിലുള്ളത്. മതപരമായ മേഖലകളിൽ മാത്രം വ്യവഹരിച്ചാൽ മതിയെന്നും രാഷ്ട്രീയം നമ്മൾ കൈകാര്യം ചെയ്യേണ്ടതല്ലെന്നും പറയുന്ന മതസംഘടനാ നേതൃത്വം സാമ്രാജ്യത്വത്തിന്റെ തന്ത്രങ്ങളിൽ വീണുപോകുകയാണ്. സാമ്രാജ്യത്വത്തിന്റെ കാപട്യങ്ങൾ തിരിച്ചറിയാൻ മത സംഘടനകൾക്കു കഴിയണം. നന്ദിഗ്രാമിൽ കുത്തകകളെ രാജവീഥി തീർത്ത് കുടിയിരുത്താനാണ് പാവങ്ങളെ കുടിയൊഴിപ്പിച്ച് പ്രത്യേക സാമ്പത്തിക മേഖലകൾ ഒരുക്കുന്നത്." ഐ.സി.സി അബൂദബി ഘടകം സംഘടിപ്പിച്ച പൊതുയോഗത്തിൽ 'മാറുന്ന ഇന്ത്യയും ജനായത്ത പ്രതിസന്ധിയും' എന്ന വിഷയം അവതരിപ്പിച്ച് ഒ. അബ്ദുർറഹ്മാൻ പറഞ്ഞു. പി.എം. ഹാമിദലി അധ്യക്ഷത വഹിച്ചു. വി.എം. ശരീഫ് സ്വാഗതം പറഞ്ഞു.

"ഗുജറാത്ത് തെരഞ്ഞെടുപ്പിന്റെ ഗതി മാറുമെന്ന് ഭയപ്പെട്ടാണ് സർക്കാർ സച്ചാർ കമ്മിറ്റി റിപ്പോർട്ട് പൂഴ്ത്തിവെക്കുന്നത്. റിപ്പോർട്ടനുസരിച്ച് പല സംസ്ഥാനങ്ങളിലും മുസ്‌ലിം സമുദായം ദലിതരേക്കാൾ പിന്നിലാണ്. ബിരുദപഠനത്തിനെത്തുന്ന മുസ്‌ലിം വിദ്യാർഥികൾ നാലു ശതമാനം മാത്രമാണ്. മൊത്തം ഇന്ത്യൻ മുസ്‌ലിംകളിലെ 12 ശതമാനം തെരുവ് കച്ചവടത്തിൽ ഏർപ്പെട്ടിട്ടുള്ളവരാണ്. ഈ പിന്നാക്കാവസ്ഥ മാറ്റുന്നതിനു സമുദായ സംഘടനകൾ ഐക്യപ്പെടുകയാണ് വേണ്ടത്. പാശ്ചാത്യ സംസ്കാരത്തിന്റെ മലവെള്ളപ്പാച്ചിലിൽനിന്ന് മുസ്‌ലിം സമൂഹത്തെ രക്ഷിക്കുന്നതിനായി മഹല്ല് നേതൃത്വത്തിൻ കീഴിൽ സദാചാരബോധം വളർത്തിക്കൊണ്ടുവരാൻ സംവിധാനമൊരുക്കണം. മുസ്‌ലിം സമൂഹം അനൈക്യം വെടിഞ്ഞ് പ്രതികരണശേഷിയുള്ള വിഭാഗമായാൽ ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾക്ക് പ്രതിവിധി കാണാനാകും." അസോസിയേഷൻ ഓഫ് ഇന്ത്യൻ മുസ്‌ലിം (എയിം) ദൈദ് ഘടകം സംഘടിപ്പിച്ച പരിപാടിയിൽ അദ്ദേഹം അഭിപ്രായപ്പെട്ടു.

പുറമെ എയിം ദുബൈയിൽ സംഘടിപ്പിച്ച ഐക്യ സമ്മേളനം പ്രമുഖരുടെ സാന്നിധ്യം കൊണ്ട് ശ്രദ്ധേയമായി. ഒ. അബ്ദുർറഹ്മാൻ മുഖ്യ പ്രഭാഷണം നടത്തി. ഇന്ത്യൻ യൂനിയൻ മുസ്‌ലിം ലീഗ് കേരളാ ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടി, പി.വി അബ്ദുൽ വഹാബ് എം.പി, ഗൾഫാർ മുഹമ്മദലി, എയിം പ്രസിഡന്റ് പി.എ ഇബ്‌റാഹീം ഹാജി തുടങ്ങിയവർ സംസാരിച്ചു. സമുദായ പുരോഗതിക്കായി ഐക്യപ്പെടേണ്ടതിന്റെ ആവശ്യകത എല്ലാ പ്രഭാഷകരും ഊന്നിപ്പറഞ്ഞു.

അശാന്തിയിലേക്ക് കൂപ്പുകുത്തുന്ന കേരളത്തെ പൂർവസ്ഥിതിയിലേക്ക് തിരിച്ചുകൊണ്ടുവരാൻ കൂട്ടായ ശ്രമങ്ങൾ വേണ്ടതുണ്ടെന്ന് ദുബൈയിലെ പീസ് ലവേഴ്സ് സംഘടിപ്പിച്ച 'ശാന്തി തേടുന്ന കേരളം' എന്ന സെമിനാർ ആവശ്യപ്പെട്ടു. സെമിനാറിൽ ഒ. അബ്ദുർറഹ്മാൻ മോഡറേറ്ററായിരുന്നു. ശറഫുദ്ദീൻ നദ്‌വി, അബ്ദുല്ല ബേവിഞ്ച, സിവിഎം വാണിമേൽ, രാധാകൃഷ്ണൻ, പുഷ്പൻ തുടങ്ങിയവർ സംസാരിച്ചു.

ഫുജൈറയിൽ കൽബാ ഇന്ത്യൻ സോഷ്യൽ ആന്റ് കൾച്ചറൽ ക്ലബ്ബിന്റെ 20-ാം വാർഷികാഘോഷ പരിപാടിയിൽ ഒ. അബ്ദുർറഹ്മാൻ മുഖ്യ പ്രഭാഷണം നടത്തി. *ഗൾഫ് മാധ്യമം* പ്രതിനിധി എം.സി.എ നാസർ ആശംസ നേർന്നു. ഷാർജാ ഇന്ത്യൻ അസോസിയേഷൻ സംഘടിപ്പിച്ച യു.എ.ഇ ദേശീയ ദിനാഘോഷ പരിപാടിയിലും ഒ. അബ്ദുർറഹ്മാൻ മുഖ്യ പ്രഭാഷണം നിർവഹിച്ചു.

'നാടിന്റെ വികസന പ്രവർത്തനത്തിലൂന്നിയ മാധ്യമ സംസ്കാരമാണ് ആവശ്യം. നിസ്സാര കാര്യങ്ങൾ ഊതിപ്പെരുപ്പിക്കുന്ന നിലവിലുള്ള ശൈലി കാരണം പല പ്രധാന പ്രശ്നങ്ങളും അവഗണിക്കപ്പെടുകയാണ്'- ദുബൈയിൽ ഇന്ത്യൻ മീഡിയാ ഫോറം സംഘടിപ്പിച്ച മീറ്റ് ദി പ്രസ് പരിപാടിയിൽ മാധ്യമ പ്രവർത്തകരുമായി സംവദിക്കവെ അദ്ദേഹം പറഞ്ഞു. 'മീഡിയാ സിൻഡിക്കേറ്റ് എന്നു പറഞ്ഞ് മാധ്യമങ്ങളെ അടച്ചാക്ഷേപിക്കുന്ന ശൈലി ശരിയല്ല. പല പൊതുപ്രശ്നങ്ങളും ജനശ്രദ്ധയിൽ പെടുന്നത് മാധ്യമങ്ങൾ രംഗത്തിറങ്ങുന്നത് കാരണമാണ്. അന്വേഷണോദ്യോഗസ്ഥർ തുമ്പില്ലെന്നു പറഞ്ഞ് എഴുതിത്തള്ളുന്ന കേസുകൾ മുതൽ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ വരെ മാധ്യമങ്ങളുടെ ഇടപെടൽ വഴിത്തിരിവാകുന്നുണ്ട്. മാധ്യമരംഗത്ത് ആഗോളവത്കരണം കടന്നുകയറിയതോടെ ഈ രംഗത്ത് ജോലി ചെയ്യുന്നവരുടെ തൊഴിൽ സുരക്ഷയും ഗണ്യമായി കുറയുകയാണ്. കേരളത്തിൽ മാധ്യമ സ്ഥാപനങ്ങൾ തമ്മിൽ കടുത്ത മത്സരം നിലനിൽക്കുമ്പോഴും പ്രതിസന്ധി ഘട്ടങ്ങളിൽ പരസ്പരം മികച്ച സഹകരണമാണ് കാഴ്ചവെക്കുന്നത്.' മീഡിയാ ഫോറം പ്രസിഡന്റ് പി.വി വിവേകാനന്ദ് അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ബിജു ആബേൽ ജേക്കബ് സ്വാഗതവും ട്രഷറർ കെ.എം. അബ്ബാസ് നന്ദിയും പറഞ്ഞു.

ജനാധിപത്യത്തിന്റെ നാലാം തൂണെന്നു വിശേഷിപ്പിക്കപ്പെടുന്ന മാധ്യമങ്ങൾക്ക് അവയുടെ കർത്തവ്യം നിറവേറ്റുക വളരെ ദുഷ്കരമായി മാറിയിരിക്കുന്നുവെന്നും മൂല്യവത്തായ മാധ്യമ പ്രവർത്തനത്തിനു സമൂഹത്തിലെ വിവിധ കോണുകളിൽനിന്ന് പലപ്പോഴും ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. *ഗൾഫ് മാധ്യമം* അബൂദബി ബ്യൂറോ സംഘടിപ്പിച്ച ചടങ്ങിൽ സംസ്കാരിക സാമൂഹിക സംഘടനാ നേതാക്കളുമായും വ്യാപാര പ്രമുഖരുമായും ആശയവിനിമയം നടത്തുകയായിരുന്നു അദ്ദേഹം. ശ്ലീലമെന്നും അശ്ലീലമെന്നുമുള്ള വിവേചനം ഏറെക്കുറെ വിസ്മരിക്കപ്പെട്ടിരിക്കുന്നു. പലപ്പോഴും മാധ്യമങ്ങളുടെ വായ മൂടിക്കെട്ടാൻ പരസ്യദാതാക്കൾക്കു പോലും കഴിയുന്നു. അർഥവത്തായ വികസനത്തിനും ജനതയുടെ പുരോഗതിക്കും മൂല്യവത്തായ മാധ്യമങ്ങൾ ഉയർന്നുവരേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ഇന്ത്യൻ ഇസ്‌ലാമിക് സെന്റർ, അബൂദബി മലയാളി സമാജം, യു.എ.ഇ എക്സ്ചേഞ്ച് സെന്റർ എന്നിവയുടെ പ്രതിനിധികൾ ആശംസകൾ നേർന്നു. അബ്ദു ശിവപുരം അധ്യക്ഷത വഹിച്ചു.

യു.എ.ഇയിലെ ഏഷ്യനെറ്റ് റേഡിയോയിൽ 'കേരളം വിളിക്കുന്നു' എന്ന ലൈവ് പരിപാടിയിൽ എ.ആർ അതിഥിയായി പങ്കെടുത്തു. ■